**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **28-01-2026 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക് - സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ചുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ചുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:<br><br>• പട്ടാന്നൂർ, കീഴല്ലൂർ, കോളാരി വില്ലേജുകളിലായി 18.6069 ഹെക്ടർ ഭൂമി, ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കിൻഫ്രക്ക് കൈമാറി.<br>• പട്ടാന്നൂർ, കീഴല്ലൂർ (വെള്ളപ്പറമ്പ്) വില്ലേജുകളിലായി 192.0468 ഹെക്ടർ ഭൂമി, ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കിൻഫ്രക്ക് കൈമാറി.<br>• കീഴല്ലൂർ, പട്ടുവിലായി, അഞ്ചരക്കണ്ടി (പനയത്താംപറമ്പ്) വില്ലേജുകളിലായി 201.4048 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൽ 3 ഘട്ടങ്ങളിലായി 124.3998 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചു.<br>• ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 204.8739 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി അലൈൻമെൻ്റ് കല്ലുകൾ സ്ഥാപിച്ചു; സ്കെച്ച് ജില്ലാ കലക്ടർക്ക് കൈമാറി.<br>• പടിയൂർ, കല്ല്യാട് വില്ലേജുകളിലായി 286.8813 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൽ പടിയൂർ ദേശത്തെയും, ഊരത്തൂർ ദേശത്തെയും വ്യക്തിഗത കൈവശം അളന്ന് മഹസ്സർ തയ്യാറാക്കി.<br>• കൂടാളി, പട്ടാന്നൂർ വില്ലേജുകളിൽ നിന്നായി 416.7531 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള 11(1) വിജ്ഞാപനം 24.12.2025-ന് പ്രസിദ്ധീകരിച്ചു.<br>• കോളാരി വില്ലേജിലെ 354.9515 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ |

| | | | |
|---|---|---|---|
| | | | ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള 11(1) വിജ്ഞാപനം 24.12.2025 -ന് പ്രസിദ്ധീകരിച്ചു.<br>• കോളാരി വില്ലേജിലെ 68.2787 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള 11(1) വിജ്ഞാപനം 24.12.2025-ന് പ്രസിദ്ധീകരിച്ചു.<br>• ചാവശ്ശേരി വില്ലേജിലെ 92.3000 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുവാനായി നിലവിൽ മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ രണ്ട് ലാൻഡ് അക്വിസിഷൻ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ